# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **01.12.2015 ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 535**

## മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ശിവൻകുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണ്; പ്രസ്തുത നിർമാണം എത്ര ദിവസം കൊണ്ട് പൂർത്തീയാക്കാനാണ് കരാറിൽ നിഷ്കർഷിച്ചിരിക്കുന്നത്; | (എ) 24.01.2014 ൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് കരാറിൽ നിഷ്കർഷിച്ചിരുന്നത്, |
| (ബി) പ്രസ്തുത കരാറിന് സമയം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ ഇപ്രകാരം സമയം കൂട്ടുതൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) ഉണ്ട്.<br>രണ്ട് തവണ സമയം കൂട്ടുതൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആദ്യം 23.04.2015 വരേയും രണ്ടാമത് 31.10.2015 വരേയും സമയം കൂട്ടുതൽ അനുവദിച്ച് കൊടുത്തിട്ടുണ്ട്. |
| (സി) പുതുക്കിയ കരാർ പ്രകാരം പണി എന്നത്തേക്കു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും ചുമതലയുള്ള കേപ്പിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പണി 31.12.2015 ന് മുൻപ് പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുരോഗതി വിലയിരുത്തുവാൻ കേപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ